തൊ.ഉ.(1045)/2022/ തൊ.ജി.

File No. LBRD-R1/71/2021-LBRD (Computer No. 1761614)

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 മേയ് 19<br>19th May 2022<br>1197 ഇടവം 5<br>5th Idavam 1197<br>1944 വൈശാഖം 29<br>29th Vaisakha 1944 | നമ്പർ<br>No. 1624 |

26/05/22

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 41/2022/തൊഴിൽ തിരുവനന്തപുരം, 2022 മെയ് 19

1197 ഇടവം 5

എസ്. ആർ. ഒ. നമ്പർ 495/2022

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത്, പ്രസ്തുത ആക്റ്റിന്റെ



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ ഇരുപത് രൂപ നിരക്ക് അൻപത് രൂപ നിരക്കായി കേരള സർക്കാർ ഇതിനാൽ പുനർനിർണ്ണയിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

മിനി ആന്റണി,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ, നിധിയിലെ അംശദായമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനം മൂലം പുനർനിർണ്ണയിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിലവിലുള്ള അംശദായ നിരക്കായ "ഇരുപത്" രൂപ എന്നത് "അൻപത്" രൂപയായി പുനർനിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022



This is a digitally signed Gazette.